**ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികൾ**

16 [28] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയുന്നതും, മുടങ്ങിക്കിടക്കുന്നതുമായ എത്ര പദ്ധതികൾ എം.എൽ.എ. മാരുടെ അഭ്യർത്ഥനപ്രകാരം ഏറ്റെടുത്തു;

(ബി) അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

**ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന മാനദണ്ഡം**

17 [30] *ശ്രീ. വർക്കല കഹാർ :*

„ *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് 1-9-2004 വരെ പി.എസ്.സി. അനുവർത്തിച്ചിരുന്ന നടപടിക്രമമെന്തായിരുന്നു;

(ബി) അതനുസരിച്ച് സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വകുപ്പുകളിൽ അസിസ്റ്റന്റുമാരായി നിയമിക്കപ്പെടുന്നതിന് സ്വീകരിച്ചിരുന്ന നടപടിക്രമമെന്താണ്;

(സി) ഇപ്പോൾ ഈ വകുപ്പുകളിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കപ്പെടുന്നതിനായി അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ സ്വീകരിക്കുന്ന നടപടിക്രമമെന്താണെന്നു പറയുമോ;

(ഡി) എഴുത്തുപരീക്ഷയിൽ റാങ്ക് നേടുന്നവരെ ഇന്റർവ്യൂ ചെയ്ത് നിയമനത്തിനുള്ള സ്യൂട്ടബിലിറ്റി തീരുമാനിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഇ) ക്ലാർക്കായോ, അസിസ്റ്റന്റായോ നിയമിക്കപ്പെടുന്നതിന് എഴുത്തു പരീക്ഷയിൽ കിട്ടുന്ന റാങ്ക് കൂടാതെ ഇന്റർവ്യൂകൂടി നടത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

*ഉത്തരം*

(എ) – (ഇ) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

GPM. 2/564/2012—10

LIBRARY ARCHIVES Kerala Legislative Assembly